"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - മൃഗസംരക്ഷണ വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന തിരുവനന്തപുരം നഗരസഭയിൽ ജോലിചെയ്യുന്ന ശ്രീ. മനോജ് എം-നെയും തിരുവനന്തപുരം ജില്ലാപഞ്ചായത്തിൽ ജോലി ചെയ്യുവരുന്ന ശ്രീ. വിദ്യാനായർ ബി.എസ്-നെയും മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു..

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 2504/2019/ തസ്വഭവ തിരുവനന്തപുരം തീയതി, 08.11.2019**

പരാമർശം:
1) സ.ഉ(അ) നം.254/2015/ തസ്വഭവ തീയതി. 31.07.2015
2) സ.ഉ(അ) നം.99/2017/ തസ്വഭവ തീയതി.13.02.2017
3) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 08.05.2019 ലെ കെ3-1599/2017/ ജി.കാ/എഎച്ച്ഡി നം കത്ത്
4) പഞ്ചായത്ത് ഡയറക്ടറുടെ 25.06.2019- ലെ പി.എ.എൻ/6923/2019/ ഇ 9-(ഡിപി) നമ്പർ കത്ത്.
5) നഗരകാര്യ ഡയറക്ടറുടെ 20.07.2019 ലെ ഇ 6-10739/19 നം കത്ത്
6) സ.ഉ(സാധാ) നം.2082/2019/ തസ്വഭവ തീയതി.26.09.2019
7) ശ്രീ. എം.സി മനോഹരൻ സമർപ്പിച്ച 02.11.2019 ലെ നിവേദനം

**ഉത്തരവ്**

മൃഗസംരക്ഷണ വകുപ്പിൽ നിന്നും പരാമർശം (1) പ്രകാരം പുനർവിന്യാസ വ്യവസ്ഥയിൽ തിരുവനന്തപുരം കോർപ്പറേഷനിൽ ജോലി ചെയ്യുവരുന്ന ശ്രീ. മനോജ് എം, പരാമർശം (2) ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലാപഞ്ചായത്തിൽ ജോലി ചെയ്യുവരുന്ന ശ്രീ. വിദ്യാ നായർ ബി.എസ് എന്നിവരുടെ പുനർവിന്യാസം അവസാനിപ്പിച്ച് മാതൃവകുപ്പിലേക്ക് തിരികെ നിയമിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് സമർപ്പിച്ച അപേക്ഷകൾ തുടർനടപടിക്കായി പരാമർശം (3) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

ശ്രീമതി.വിദ്യാനായർ ബി.എസ്, ശ്രീ. മനോജ് എം എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണങ്ങളോ മറ്റ് നടപടിക്രമങ്ങളോയില്ലായെന്ന് യഥാക്രമം പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടറും പരാമർശം (5) പ്രകാരം നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും പുനർവിന്യാസ വ്യവസ്ഥ പ്രകാരം തിരുവനന്തപുരം നഗരസഭയിൽ ജോലിചെയ്യുവരുന്ന ശ്രീ. മനോജ് എം നെയും തിരുവനന്തപുരം ജില്ലാപഞ്ചായത്തിൽ ജോലി ചെയ്യുവരുന്ന ശ്രീമതി. വിദ്യാനായർ ബി.എസ്-നെയും മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മൃഗസംരക്ഷണ വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ചിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിൽ പരാമർശം (6) പ്രകാരം പുന:ക്രമീകരണം നടത്തി ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ എന്നീവിടങ്ങളിൽ പുനർവിന്യസിക്കാനുളള അടിയന്തര നടപടി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ആർ.എസ്.കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് , തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
സെക്രട്ടറി, തിരുവനന്തപുരം ജില്ലാപഞ്ചായത്ത്
ശ്രീ. മനോജ് എം. ക്ലാർക്ക്, തിരുവനന്തപുരം നഗരസഭ (വകുപ്പ മേധാവി മുഖേന)
ശ്രീമതി. വിദ്യാനായർ ബി.എസ്, ക്ലാർക്ക്, തിരുവനന്തപുരം ജില്ലാപഞ്ചായത്ത് (വകുപ്പ മേധാവി മുഖേന)
മൃഗസംരക്ഷണ വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ്സൈറ്റില് പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ